**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6117** **09-11-2021 - ൽ മറുപടിയ്ക്ക്**

**തൊണ്ടിമ്മൽക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട തൊണ്ടിമ്മൽക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിൽ ഇരുവഞ്ഞിപ്പുഴയ്ക്ക് കുറുകെ മുക്കം മുനിസിപ്പാലിറ്റിയിൽ തൊണ്ടിമ്മൽകടവ് എന്ന സ്ഥലത്ത് മുക്കം മുനിസിപ്പാലിറ്റിയേയും തിരുവമ്പാടി പഞ്ചായത്തിനേയും ബന്ധിപ്പിച്ചു കൊണ്ടാണ് തൊണ്ടിമ്മൽകടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തൊണ്ടിമ്മൽകടവ് RCB-യ്ക്ക് 82മീ നീളമുണ്ട്. 3.3 മീറ്റർ ഉയരത്തിൽ വെള്ളം തടഞ്ഞു നിർത്തി ഏകദേശം 7 കിലോമീറ്ററോളം നീളത്തിൽ പുഴയിൽ ജലം സംഭരിക്കുവാനാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. മുക്കം മുനിസിപ്പാലിറ്റിയിലും തിരുവമ്പാടി പഞ്ചായത്തിലും ഉൾപ്പെടുന്ന സമീപ പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾക്കും കാർഷിക ആവശ്യങ്ങൾക്കും ഈ പദ്ധതി വളരെയേറെ പ്രയോജനപ്പെടുന്നതാണ്. തൊണ്ടിമ്മൽക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ മെക്കാനിക്കൽ പ്രവൃത്തികൾക്കു വേണ്ടി 12M X 3.3 M size-ലുള്ള 6 ഷട്ടറുകളും അവയുടെ ഹോയിസ്റ്റിംഗ് മെക്കാനിസവുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (ബി) | ഏകദേശം 50 കോടി രൂപ അടങ്കൽ തുക പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ രൂപകല്പന തയ്യാറായിട്ടുണ്ട്. പദ്ധതിയുടെ അപ്രോച്ച് റോഡിന്റെ വിശദ സർവ്വേ നടത്തി വിശദ പദ്ധതി രേഖകളും എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു. വിശദ പദ്ധതിരേഖ തയ്യാറായാലുടൻ തന്നെ ആയവ പരിശോധിച്ച് ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് എപ്പോൾ ഭരണാനുമതി നൽകാനാകുമെന്ന് വ്യക്തമാക്കുമോ? | (സി) | ഏകദേശം 50 കോടി രൂപ അടങ്കൽ തുക പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ രൂപകല്പന തയ്യാറായിട്ടുണ്ട്. പദ്ധതിയുടെ അപ്രോച്ച് റോഡിന്റെ വിശദ സർവ്വേ നടത്തി വിശദ പദ്ധതി രേഖകളും എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു. വിശദ പദ്ധതിരേഖ |

| | | | |
|---|---|---|---|
| | | | തയ്യാറായാലുടൻ തന്നെ ആയവ പരിശോധിച്ച് ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ